## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം : – നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല – മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് – മൂക്കന്നൂർ വില്ലേജ് – **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മാണം – ലേ ഔട്ട് – അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :– 1. മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/8/2019, 21/12/2019, 22/01/2020 എന്നീ തീയതികളിലെ ബി1/3417/2019 നമ്പർ കത്തുകൾ

2. എറണാകുളം സീനിയർടൗൺ പ്ലാനറുടെ 22/11/2019, 30/01/2020 എന്നീ തീയതികളിലെ യഥാക്രമം TCPEKM/2039/2019-C, TCPEKM/2495/2019-C നമ്പർ കത്തുകൾ

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. **TCPCTP/2948/2019-C3** തീയതി**05/03/2020**

---

## ഉത്തരവ്

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂക്കന്നൂർ വില്ലേജിൽ വാർഡ് 14 –ൽ റീ സർവ്വേ നം. 238/12, 238/12-2-ൽ ഉൾപ്പെട്ട 1920 ച.മീ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് 40. 48 ച.മീ, കനോപ്പി 240 ച.മീ ഉൾപ്പെടെ 280. 48 ച.മീ ആകെ വിസ്തീർണ്ണം വരുന്ന ESSAR –ന്റെ പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. ജോജി.പി.എൽ**, പുതുശ്ശേരി വീട്, പറമ്പയം, താബോർ, എറണാകുളം-683577 –ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെപിബി .ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ 2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ് . നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
3. ഫയർ ഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ .ഒ.സി ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി നേടിയിരിക്കണം.
5. ഖര-ദ്രവ മാലിന്യ സംസ്കരണം /ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ കെ.എൽ.യു ഓർഡർ 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.പി.ബി.ആർ 2011 ചട്ടം 61(16) പ്രകാരം Liquid Waste Management Treatment Plant ഉം ടി കെട്ടിടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന Waste Water, recycle ചെയ്ത് റീ-യൂസ് ചെയ്യുന്നതിനുള്ള സംവിധാനം കെ.പി.ബി.ആർ 2011 ചട്ടം 61(17) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
8. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം , ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിക്കായി പരിഗണിക്കാവൂ.
9. KPBR 2011 61(6), 61(9) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയും, ജില്ലാ കളക്ടറുടെയും അനുമതി ലഭ്യമാക്കേണ്ടതാണ്.
10. KPBR 2011 61(10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent പൈപ്പിൻറെയും സ്ഥാനവും നിർമാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **54/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by JAYASREE P R
Date: 2020.03.05 15:59:36 IST
Reason: Approved

ഉള്ളടക്കം – ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

**സെക്രട്ടറി**
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം

<u>പകർപ്പ്</u> –

1. ശ്രീ. ജോജി.പി.എൽ, പുതുശ്ശേരി വീട്, പറമ്പയം, താബോർ, എറണാകുളം– 683577
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ 5. അധികം

*S02032020*